**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 693** **05-10-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് എ.ടി.എം.കൊള്ള**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. സജീവ് ജോസഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്ക് എ.ടി.എം. കളിൽ നിന്നും അനധികൃതമായി പണം പിൻവലിക്കുന്ന സംഭവങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; | (എ) | 2021 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ മറ്റ് ബാങ്കുകളുടെ വ്യാജ കാർഡുകൾ നിർമ്മിച്ച് കേരള ബാങ്കിന്റെ വിവിധ ജില്ലകളിലെ എ.ടി.എമ്മുകളിൽ നിന്നും പണം തട്ടിയെടുത്തിട്ടുണ്ട്. ആയത് ബാങ്കിന്റെ ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് ബാങ്കുകളുടെ വ്യാജ മാഗ്നറ്റിക്ക് സ്വൈപ്പ് കാർഡുകൾ ഉപയോഗിച്ചാണ് തട്ടിപ്പ് നടന്നിരിക്കുന്നത്. |
| (ബി) | എ.ടി.എം. കളിൽ ഇ.എം.വി. ചിപ്പുകൾ നിർബന്ധമാക്കണമെന്ന റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം കേരള ബാങ്ക് പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | കേരള ബാങ്കിന്റെ എ.ടി.എമ്മുകളിൽ EMV Certification നടപടികൾ പൂർത്തിയായിവരുന്നു. |
| (സി) | കേരള ബാങ്കിന് വേണ്ടി സോഫ്റ്റ്‌വെയർ നിർമ്മിച്ച കമ്പനിയുടെ ഉദ്യോഗസ്ഥർ പാസ്സ് വേർഡ് ചോർത്തിനൽകിയാണ് എ.ടി.എം. കവർച്ച നടത്തിയതെന്ന ആരോപണം അന്വേഷണവിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | മറ്റ് ബാങ്കുകളുടെ വ്യാജ എ.ടി.എം കാർഡുകളും, മറ്റ് ബാങ്കുകളുടെ എ.ടി.എം കാർഡുടമകളുടെ പാസ് വേർഡും ഉപയോഗിച്ചാണ് തട്ടിപ്പുകാർ പണം പിൻവലിച്ചത്. ഇതു സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുകയാണ്. |

സെക്ഷൻ ഓഫീസർ